LIBRARY ARCHIVES Kerala Legislative Assembly

(3) കുടുംബാരോഗ്യകേന്ദ്രം, മുളവുകാട്

സ്റ്റാഫ് നഴ്സ്-1

ലാബ് ടെക്നീഷ്യൻ-1

ഇതുകൂടാതെ 20-3-2020-ലെ G.O.(Rt)No.619/2020/H&FWD പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.*

സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ ഡോക്ടർമാരുടെ സേവനപരിധി

155 (1519) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെ സേവനത്തിന് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഫീൽഡുതല പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഓരോ സ്ഥാപനത്തിനും ഭൂമിശാസ്ത്രപരമായ മേഖലകൾ തിരിച്ച് നൽകിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാരുടേത് അടക്കമുള്ള ക്ലിനിക്കൽ സേവനങ്ങൾക്ക് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) അവരുടെ സേവനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽനോട്ടം നടത്തിവരുന്നുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നുള്ള സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

&

(ഡി) ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽനിന്നുള്ള സേവനം ഗ്രാമപഞ്ചായത്ത് കണക്കാക്കാതെ സാർവ്വത്രികമായി ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പ് വഴി ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ടുകളുടെ ഗുണഭോക്താക്കളായി അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികളെത്തന്നെയാണ് ഉൾപ്പെടുത്താറുള്ളത്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച്

156 (1520) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ മേഖലയിലെ അടിസ്ഥാനഘടകമായ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിരവധി കെട്ടിടങ്ങൾ കാലപ്പഴക്കം നിമിത്തം സുഗമമായ പ്രവർത്തനത്തിന് സജ്ജമല്ലാത്ത അവസ്ഥയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അത്തരം കേന്ദ്രങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ നിലവിലെ കെട്ടിടങ്ങൾ പൊതുജനോപകാരപ്രദമായ നിലയിൽ നവീകരിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും ആർദ്രം പദ്ധതി മുഖാന്തരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുന്നുണ്ട്;

ജില്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ - കൊല്ലം കോട്ടയ്ക്കപ്പുറം സബ് സെന്റർ ട്രസ്റ്റ് മുഖാന്തരം പൊളിച്ചുമാറ്റി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ് സെന്ററിന്റെയും കുടത്തൂർ സബ് സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നുവരുന്നു.

പത്തനംതിട്ട - 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. മുഖേന, എഫ്.ഡബ്ല്യു.സി. ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.ഡബ്ല്യു.സി. മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തന യോഗ്യമാക്കുന്നതിന്